(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

നെല്ല് സംഭരണം

*4 [50] *ശ്രീ. എ. കെ. മണി:*

„ പി. ടി. തോമസ്:

„ എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) സംഭരിക്കുന്ന നെല്ലിന്റെ ഗുണമേൻമ ഉറപ്പാക്കുന്നതെപ്രകാരമാണ്; സംഭരിച്ച നെല്ലുകുത്തി അരിയാക്കുന്നതിന് എത്ര ടെണ്ടറുകൾ കിട്ടിയെന്നും അതിൽ ഏതെല്ലാം ടെണ്ടറുകൾ അംഗീകരിച്ചു എന്നും വെളിപ്പെടുത്താമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്)*:

(എ) കേരളത്തിലെ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച 44 വിവിധ ഏജൻസികളാണ് 3-5-2005-നു മുൻപ് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്തത്. ഇതിൽ 34 എണ്ണം സഹകരണ ബാങ്കുകളും 7 എണ്ണം സഹകരണ സംഘങ്ങളും 3 എണ്ണം മറ്റു സമിതികളുമാണ്.

(ബി) സംഭരിക്കുന്ന നെല്ലിന്റെ ഗുണമേൻമ ഉറപ്പാക്കുന്നത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾക്കനുസൃതമായിട്ടാണ്. 16-5-2005-ലെ മില്ലുകൾക്കായുള്ള ടെണ്ടറിൽ കേരളത്തിലെ എട്ടും, തമിഴ്നാട്ടിലെ ഒരു മില്ലും പങ്കെടുത്തു. ഇതിൽ ടെണ്ടർ വ്യവസ്ഥകൾ പാലിക്കുകയും തുടർന്നുള്ള ചർച്ചയിൽ നിരക്ക് തീരുമാനമാകുകയും ചെയ്ത കേരളത്തിലെ 6 മില്ലുകളുമായി കരാറിൽ ഒപ്പിട്ടു. ഈ 6 മില്ലുകളുടെ സംസ്കരണ ശേഷി കണക്കാക്കുമ്പോൾ പാലക്കാട്, ആലപ്പുഴ, കോട്ടയം എന്നീ ഏറ്റവും അധികം നെല്ലുൽപ്പാദിപ്പിച്ച ജില്ലകളിൽ കുറഞ്ഞത് 160 ദിവസം വേണ്ടിവരുമെന്നതിനാൽ, ടെണ്ടറിലും ടെണ്ടർ നൽകിയവരുമായി തുടർന്നുള്ള ചർച്ചയിലും ഏറ്റവും കുറഞ്ഞനിരക്കിൽ കരാറിന് തയ്യാറുള്ള

LIBRARY ARCHIVES Kerala Legislative Assembly

മില്ലുകളിൽ നിന്നും പത്രമാധ്യമങ്ങൾ വഴി വീണ്ടും അപേക്ഷ ക്ഷണിക്കുകയും 20 മില്ലുകൾ അപേക്ഷ നൽകുകയും ചെയ്തു. ഇതിൽ നിന്നും ആലപ്പുഴ, കോട്ടയം, പാലക്കാട്, എന്നീ ജില്ലകളിൽ കൂടുതൽ നെല്ലുള്ളതും അതിനാനുപാതികമായി മില്ലുകളുടെ സംസ്കരണശേഷി ഇല്ലാതിരുന്നതിനാലും ഈ ജില്ലകളിലുള്ള 6 മില്ലുകളുമായിക്കൂടി പ്രസ്തുത ജില്ലകളിലെ ടെണ്ടറിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്കിൽ കരാർ ഒപ്പുവച്ചു. പിന്നീട് വീണ്ടും പാലക്കാട് ജില്ലയിലെ നെല്ല് അരിയാക്കുന്ന വേഗത മന്ദഗതിയിലായതിനാൽ പാലക്കാട് വീണ്ടും പത്രമാധ്യമങ്ങൾ വഴി അപേക്ഷ ക്ഷണിക്കുകയും അതു പ്രകാരം ഒരു മില്ല് മാത്രം അപേക്ഷ നൽകുകയും അവരുമായി കരാർ ഒപ്പുവയ്ക്കുകയും ചെയ്തു. അങ്ങനെ ആകെ 13 മില്ലുകളാണ് നിലവിൽ കരാർ ഒപ്പുവച്ചിട്ടുള്ളത്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ നെല്ല്

*5 [51] *ശ്രീ. ടി. എൻ. പ്രതാപൻ:*

" *എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ സംഭരിച്ച നെല്ലിൽ നിന്നും എത്ര അളവ് നെല്ലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങി അരിയാക്കിയത്;

(ബി) ഈ നെല്ലു കുത്തി അരിയാക്കിയപ്പോൾ എത്ര ടൺ തവിടും, ഉമിയും കിട്ടി; ഇതെന്തു ചെയ്തു;

(സി) ഇത് വിറ്റ പക്ഷം ഇതിന് എന്തു വില കിട്ടി എന്നു വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി *(ശ്രീ. അടൂർ പ്രകാശ്):*

(എ) കേരളത്തിലെ നെൽകർഷകരിൽ നിന്നും വിവിധ ഏജൻസികൾ കഴിഞ്ഞ സീസണിൽ സംഭരിച്ച 459673 ക്വിന്റൽ നെല്ലാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുത്തു തുടങ്ങിയിട്ടുള്ളത്.

(ബി) കോർപ്പറേഷൻ മില്ലുകളുമായുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ നെല്ലു സംസ്കരിക്കുമ്പോൾ കിട്ടുന്ന തവിട്, ഉമി, പൊടിയരി, എന്നിവയുടെ മൂല്യം കഴിച്ചിട്ടാണ് മില്ലുകൾക്കുള്ള കൂലി നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ട് ഇവയുടെ കണക്കെടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly